ICDS/A6-10797/18

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം,
തീയതി: 6-6-2018
ഇ മെയിൽ: swdicds@gmail.com
ഫോൺ നം: 0471-2346534

## പരിപത്രം

വിഷയം : വനിതാ ശിശു വികസന വകുപ്പ് - PMMVY - നടപ്പാക്കുന്നത് - സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിൽ ലഭ്യമായ വിവിധ പരാതികൾ

സംസ്ഥാനത്ത് PMMVY നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ പരിശീലന പരിപാടികൾ ഈ കാര്യാലയം മുഖേനയും, കീഴ്കാര്യാലയങ്ങൾ മുഖേനയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി നടപ്പാക്കുന്ന ഓരോ ഘട്ടങ്ങളിലും ആവശ്യാനുസരണം നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ അനുദിനം ഈ കാര്യാലയത്തിൽ ലഭ്യമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും പാലിക്കേണ്ടതാണ്.

- PMMVY നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ നാളിതുവരെയും പുറപ്പെടുവിച്ചിട്ടുള്ളതും, ഈ കാര്യലയത്തിൽ നിന്നും നാളിതുവരെയും പുറപ്പെടുവിച്ചിട്ടുള്ളതുമായ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും സൂക്ഷമമായി പരിശോധിക്കുകയും ഇതനുസരിച്ച് മാത്രം നടപടികൾ സ്വീകരിക്കുക്കയും ചെയ്യേണ്ടതാണ്.
- അങ്കണവാടിതലത്തിൽ പദ്ധതി നടപ്പാക്കുന്നത് അങ്കണവാടി ജീവനക്കാർ മുഖേനയാകയാൽ എല്ലാ അങ്കണവാടി ജീവനക്കാർക്കും പദ്ധതി സംബന്ധിച്ച വ്യക്തമായ അറിവുണ്ടായിരിക്കേണ്ടതാണ്. ഇതിനായി അങ്കണവാടി ജീവനക്കാർക്ക് സൂപ്പർവൈസർമാരും, ശിശു വികസന പദ്ധതി ഓഫീസർമാരും ആവശ്യമായ വിവരങ്ങൾ നൽകിയിരിക്കേണ്ടതാണ്. ICDS-ന്റെ ജില്ലാതല, പ്രോജക്ട്തല, സെക്ടർതല യോഗങ്ങളിൽ PMMVY ചർച്ച ചെയ്യേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ശരിയായ വിവരങ്ങളാണ് കൈമാറുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. അങ്കണവാടിതലത്തിൽ നടത്തുന്ന പൊതുയോഗം, മീറ്റിംഗുകൾ എന്നിവയിൽ PMMVY-യുമായി ബന്ധപ്പെട്ട വ്യക്തമായ വിവരങ്ങൾ പൊതു ജനങ്ങളിൽ എത്തിക്കുവാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം വേദികളിൽ ഗുണഭോക്താക്കളുടെ സംശയദുരീകരണത്തിനായി അവസരം നൽകുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും.

- ഓരോ ICDS-ന്റെ പരിധിയിലും PMMVY ഗുണഭോക്താക്കളിൽ നിന്നുള്ള പരാതികൾ വിശദമായി പരിശോധിക്കേണ്ടതാണ്. നിലവിൽ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പ്രസ്തുത പരാതികൾ ICDSതലത്തിൽ പരിഹരിക്കേണ്ടതാണ്.
- ഓരോ PMMVYആനുകൂല്യത്തിനായുള്ള അപേക്ഷയും സൂക്ഷ്മമായി പരിശോധിച്ച് അപാകതകൾ പരിഹരിച്ചശേഷം മാത്രമേ ശിശു വികസന പദ്ധതി ഓഫീസർ അനുമതി നല്കാൻ പാടുള്ളു. അപേക്ഷകയുടെ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ട് തന്നെയാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നത് ഉറപ്പ് വരുത്തേണ്ടതാണ്. ശിശു വികസന പദ്ധതി ഓഫീസർ അനുമതി നൽകിയശേഷം തെറ്റ് തിരുത്തേണ്ടി വരുന്ന സാഹചര്യം കേന്ദ്രമന്ത്രാലയവുമായി ബന്ധപ്പെട്ട് മാത്രമേ പരിഹരിക്കാനാവുകയുള്ളു എന്നത് അപേക്ഷയുടെ തുടർ നടപടികൾ കൂടുതൽ കാലതാമസത്തിനിടയാക്കുന്നു. ആകയാൽ അപേക്ഷയുടെ ഓരോ രേഖപ്പെടുത്തലും ശരിയായ പരിശോധനകൾ നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.
- PMMVY ഗുണഭോക്താക്കളിൽ നിന്നുള്ള പരാതികൾ ജില്ലാ പ്രോഗ്രാം ഓഫീസുകളിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. അപേക്ഷകർക്ക് യഥാസമയം ആനുകൂല്യം ലഭ്യമാകാതിരിക്കുന്നത്, അപേക്ഷകളിൽ തെറ്റ് വരുന്നതിൽ ICDS ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചകൾ ഉണ്ടാകുന്നത്, ഗുണഭോക്താക്കൾക്ക് വ്യക്തമായ വിവരങ്ങൾ നൽകാതിരിക്കുന്നത് തുടങ്ങി PMMVY നടപ്പാക്കുന്നതിന് അങ്കണവാടിതലത്തിലും, ICDS തലത്തിലും സംഭവിച്ചിരിക്കുന്ന വീഴ്ചകൾ പരിശോധിച്ച് അടിയന്തിരമായി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ പരിപത്രം എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

വനിതാ ശിശു വികസന ഡയറക്ടർവേണ്ടി.

എല്ലാ സൂപ്പർവൈസർമാർക്കും.
ശിശു വികസന പദ്ധതി ഓഫീസർക്കും.
പ്രോഗ്രാം ഓഫീസർമാർക്കും.

ജികെ/12-6-18